കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട്

18 [899] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ജോർജ് ജെ. മാത്യു:
„ ബി. വിജയകുമാർ:
„ അടൂർ പ്രകാശ്:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിന്റെ എല്ലാ വകുപ്പുകളും പ്രാബല്യത്തിൽ വന്നുവോ;

(ബി) ഇല്ലാത്തപക്ഷം ഇനി എന്തെല്ലാം വകുപ്പുകളാണ് പ്രാബല്യത്തിൽ വരാനുള്ള തെന്നും പ്രസ്തുത വകുപ്പുകൾ പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള കാലതാമസമെന്താ ണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിന്റെ 4, 45, 46, 47, 48 എന്നീ വകുപ്പുകളാണ് പ്രാബല്യത്തിൽ വരാനുള്ളത്. ചട്ടങ്ങൾ രൂപീകരിച്ചതിനുശേഷം ബാക്കി വകുപ്പുകൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനാണ് ഉദ്ദേശിക്കുന്നത്.

വരൾച്ച അഭിമുഖീകരിക്കുന്നതിനുള്ള മുൻകരുതൽ നടപടി

19 [901] ശ്രീ. സ്റ്റീഫൻ ജോർജ്:
„ ജോസഫ് എം. പുതുശ്ശേരി:
„ തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ കടുത്ത വരൾച്ചയെ അഭിമുഖീകരിക്കുന്നതിന് ജലസേചന വകുപ്പ് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇതിനായി എന്തു ചെലവ് വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ വർഷത്തെ കടുത്ത വരൾച്ചയെ അഭിമുഖീകരിക്കുന്നതിനായി ജലസ്രോതസ്സുകളിൽ താൽക്കാലിക തടയണകൾ നിർമ്മിച്ച് ജലലഭ്യത കൂട്ടുന്നതിനും പൈപ്പ് ലൈനുകൾ നീട്ടി സ്ഥാപിക്കുവാൻ സാധിക്കുന്ന സ്ഥലങ്ങളിൽ അത് ചെയ്യുന്നതിനും പമ്പുസെറ്റുകൾ, മോട്ടോറുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ ചെയ്യുവാനും സാദ്ധ്യമായ സ്ഥലങ്ങളിൽ കുഴൽ കിണറുകൾ കുഴിക്കുന്നതിനും ഷിഫ്റ്റ് പമ്പിംഗ് ഏർപ്പെടുത്തി പമ്പിംഗ് സമയം കൂട്ടുന്നതിനും പണികൾ തീരാറായ പദ്ധതികൾ പെട്ടെന്ന് കമ്മീഷൻ ചെയ്യുവാനും നടപടികൾ സ്വീകരിച്ചവരുന്നു.

(ബി) ജലവിഭവ വകുപ്പ് 1500 ലക്ഷം രൂപയുടെയും കേരള വാട്ടർ അതോറിറ്റി 5559.81 ലക്ഷം രൂപയുടെയും ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ലിഫ്റ്റ് ഇറിഗേഷൻ, മൈനർ ഇറിഗേഷൻ പദ്ധതികളുടെ അറ്റകുറ്റപ്പണികൾ

20 [902] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലിഫ്റ്റ് ഇറിഗേഷൻ, മൈനർ ഇറിഗേഷൻ പദ്ധതികൾ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം ഗുരുതരമായ പ്രതിസന്ധിയിൽ ആണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) കേരളത്തിൽ നിലവിലുള്ള പദ്ധതികളുടെ ജില്ല തിരിച്ചുള്ള എണ്ണം എത്ര യാണെന്നും എറണാകുളം ജില്ലയിൽ വിവിധ നിയോജകമണ്ഡലങ്ങളിലുള്ള പദ്ധതികളുടെ എണ്ണവും പേരും ഓരോ പദ്ധതിയും സ്ഥാപിച്ച വർഷവും, ആയക്കെട്ട്, മോട്ടോറുകളുടെ ശേഷിയും കനാലുകളുടെ ദൈർഘ്യവും സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(സി) പമ്പ് ഓപ്പറേറ്റർമാരായും കനാൽ വാച്ചർമാരായും എത്രപേർ ആകെ ജോലി ചെയ്തുവരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) വൈദ്യുതി ചാർജ് കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ ജില്ലതിരിച്ചുള്ള കണക്ക് അറിയിക്കുമോ;

(ഇ) 2003-04 വർഷത്തിൽ അറ്റകുറ്റപ്പണികൾക്കായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; ഇതിൽ എത്ര രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്;

† അനുബന്ധം VII.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII

[29-1-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 19 (901) ദയവായി കാണുക.]

തിരുവനന്തപുരം ജില്ല

- ആർ.ഡബ്ല്യു.എസ്.എസ്., ചിറക്കുളം—പണി പൂർത്തിയായി.
- ആർ.ഡബ്ല്യു.എസ്.എസ്. ,കുളത്തുമ്മൽ—പണി പൂർത്തിയായി.
- മറുകിൽ മാറനെല്ലൂർ വിപുലീകരണം—50% പൂർത്തിയായി.
- ആർ.ഡബ്ല്യു.എസ്.എസ്., പറച്ചിക്കുളം, ഭാസ്കര നഗർ—15% പണി പൂർത്തിയായി.
- അതിയന്നൂർ വിപുലീകരണം—90% പണി പൂർത്തിയായി.
- ആർ.ഡബ്ല്യു.എസ്.എസ്., പയറ്റുവിള—90% പണി പൂർത്തിയായി.
- ആർ.ഡബ്ല്യു.എസ്.എസ്., അരുവിപ്പുറം—70% പണി പൂർത്തിയായി.
- ആർ.ഡബ്ല്യു.എസ്.എസ്., വാഴച്ചാൽ കള്ളിക്കാട്—15% പണി പൂർത്തിയായി.
- ആർ.ഡബ്ല്യു.എസ്.എസ്., വെളറട അമ്പൂരി—15% പണി പൂർത്തിയായി.
- അഞ്ചുതെങ്ങ് പഞ്ചായത്തിലെ മലവിള ശുദ്ധജല വിതരണ പദ്ധതി—പണി പൂർത്തിയായി.
- ചീനക്കാല-അമ്പൂരി പഞ്ചായത്ത് മിനിവാട്ടർ സപ്ലൈ സ്കീം—80% പണി പൂർത്തിയായി.
- കോട്ടയം വിള വെള്ളറട പഞ്ചായത്ത് മിനിവാട്ടർ സപ്ലൈ സ്കീം—60% പൂർത്തിയായി.
- പൂവൻകുഴി വെള്ളറട പഞ്ചായത്ത് മിനിവാട്ടർ സപ്ലൈ സ്കീം—60% പണി പൂർത്തിയായി.
- കരിമരം വെള്ളറട പഞ്ചായത്ത് മിനിവാട്ടർ സപ്ലൈ സ്കീം—പണി പൂർത്തിയായി.
- വർഷ പദ്ധതി പ്രകാരം 350 കുടുംബങ്ങൾക്കായി മഴവെള്ള ശേഖരണ പദ്ധതി—പൂർത്തിയാക്കി.
- സ്വജലധാര പദ്ധതിയിൽ ഉൾപ്പെടുത്തി അമ്പൂരി പഞ്ചായത്തിലെ പമ്പരംകാവിൽ കുടിവെള്ള വിതരണത്തിനായുള്ള പണി —ആരംഭിച്ചു.
- കൊല്ലം ജില്ലയിൽ താഴെപ്പറയുന്ന പദ്ധതികൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്.
- എൽ.ഐ.സി. സഹായത്തോടുകൂടിയുള്ള കലയ്ക്കോട് ശുദ്ധജല വിതരണപദ്ധതി.
- മൺട്രോ തുരുത്ത് ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.
- കേരള വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ അഞ്ചൽ കുടിവെള്ള പദ്ധതി
- രാജീവ്ഗാന്ധി നാഷണൽ ഡ്രിംങ്കിംഗ് വാട്ടർ മിഷൻ പദ്ധതിപ്രകാരം കടയ്ക്കാമൺ ഹരിജൻ കോളനി ശുദ്ധജല വിതരണ പദ്ധതി, പിറവന്തൂർ പഞ്ചായത്ത് കല്ലുമല ഹരിജൻ കോളനി ശുദ്ധജല വിതരണ പദ്ധതി, ചടയമംഗലം പഞ്ചായത്ത് പുലിയില,വേലൻപറമ്പ് ഹരിജൻ കോളനി ശുദ്ധജല വിതരണ പദ്ധതി, നെടുമ്പന പഞ്ചായത്ത് ശുദ്ധജല വിതരണ പദ്ധതി. കൊല്ലം കോർപ്പറേഷനിൽ ശക്തികുളങ്ങരയിലും കുരീപ്പുഴയിലും കിളിക്കൊല്ലൂരിൽ കണ്ടച്ചിറയിലും വടക്കേ വിളയിൽ മണിച്ചിത്തോട് പ്രദേശത്തും മൂന്നു പുതിയ കുഴൽ കിണറുകൾ നിർമ്മിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

- പത്തനംതിട്ടയിൽ ഉദ്ദേശം 7000 പേർക്ക് പ്രയോജനപ്പെടുന്നതും 102 ലക്ഷം രൂപ അടങ്കൽ തുകയുള്ളതുമായ തുമ്പമൺ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കി. NC/PC സ്കീമിൽ ഉൾപ്പെടുത്തി ഉദ്ദേശം 230 ലക്ഷം രൂപയുടെ ജലവിതരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എൽ.ഐ.സി. ധനസഹായത്തോടുകൂടി 310 ലക്ഷം രൂപ അടങ്കൽ തുകയുള്ള ചെന്നീർക്കര, മെഴുവേലി ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ചെറുകോൽ നാരങ്ങാനം പദ്ധതി ഭാഗികമായി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. പി.എം.ജി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പ്രമാടം പഞ്ചായത്തിൽ 100 ലക്ഷം രൂപയുടെ പദ്ധതികളും കൂടൽ, ഏനാദിമംഗലം പദ്ധതിയിൽ 147.5 ലക്ഷം രൂപയുടെ പദ്ധതികളും നടപ്പിലാക്കി വരുന്നു.
- കുണ്ടറ ശുദ്ധജലവിതരണ പദ്ധതിയിലെ ജലവിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പുനലൂരിൽ നിന്നുള്ള 500 എം.എം. പ്രിമോ പമ്പിംഗ് മെയിനിൽ വ്യാപകമായി ഉണ്ടായിരുന്ന ചോർച്ചകൾ പ്രത്യേക സാങ്കേതികവിദ്യ ഉപയോഗിച്ച് ഇന്ത്യൻ ഗ്യാസ് പൈപ്പ് കമ്പനിയെകൊണ്ട് നിവാരണം ചെയ്യിച്ച് ജലവിതരണം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്.
- പി.എം.ജി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളിക്കൽ പഞ്ചായത്തിലെ ശുദ്ധജല വിതരണം മെച്ചപ്പെടുത്തൽ, ഏഴാകുളം പഞ്ചായത്തിലെ ശുദ്ധജലവിതരണം മെച്ചപ്പെടുത്തൽ, ഏറത്ത് പഞ്ചായത്തിലെ ശുദ്ധജലവിതണം മെച്ചപ്പെടുത്തൽ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.
- കോട്ടയം ജില്ലയിൽ തിരുവല്ല ഡിവിഷനു കീഴിൽ പായിപ്പാട് ശുദ്ധജലവിതരണ പദ്ധതി (മിനിവാട്ടർ സപ്ലൈ സ്കീം) II stage. ചേലച്ചിറ, പാപ്പാൻച്ചിറ മിനിവാട്ടർ സപ്ലൈ സ്കീം, വർഷ പദ്ധതികൾ (കുട്ടനാട്) കുറ്റൂർ ശുദ്ധജലവിതരണ പദ്ധതി എന്നീ പദ്ധതികൾ ആരംഭിക്കുകയും, പെരുംമ്പെട്ടി, മാടപ്പള്ളി, വാകത്താനം, കറുകച്ചാൽ, നെടുംകുന്നം, കുണ്ടഴ, വെള്ളാവൂർ എന്നീ പദ്ധതികൾ കമ്മീഷൻ ചെയ്യുകയും ചെയ്തു. കൂടാതെ കോട്ടാങ്ങൽ, കല്ലൂപ്പാറ, തെള്ളിയൂർ, വാളക്കുഴി എന്നീ പദ്ധതികളുടെ പണികൾ ത്വരിതപ്പെടുത്തുകയും സ്കീമുകളുടെ വിവിധ പുനരുദ്ധാരണ ജോലികൾ ആരംഭിക്കുകയും ചെയ്തു.
- ആലപ്പുഴ ഡിവിഷനുകീഴിൽ ഹഡ്കോയുടെ ധനസഹായത്തോടെ ആലപ്പുഴ നഗരത്തിലുള്ള ശുദ്ധജല വിപുലീകരണ പദ്ധതിയുടെ ടെണ്ടർ ജോലികൾ നടന്നു വരുന്നു. കൂടാതെ കൃഷ്ണപുരം പഞ്ചായത്തിൽ ചാലക്കൽ കോളനിയിലേക്കും പള്ളിപ്പാട് പഞ്ചായത്തിലെ നാലുകെട്ട് കവല കോളനിയിലേക്കുമുള്ള ശുദ്ധജല വിതരണ പദ്ധതിയും അനുവദിച്ചു കിട്ടിയിട്ടുണ്ട്. വർഷ കുടിവെള്ള പദ്ധതി പ്രകാരം ഒരു യൂണിറ്റിന് അഞ്ചു കുടുംബങ്ങൾക്ക് പ്രയോജനപ്പെടത്തക്കരീതിയിൽ 200 യൂണിറ്റ് ആരംഭിച്ചു. കേന്ദ്രസഹായത്തോടെയുള്ള NC/PC പദ്ധതി പ്രകാരം 112 ചെറിയ പദ്ധതികൾ (അടങ്കൽ 1040 ലക്ഷം) നടപ്പിലാക്കിവരുന്നു.
- കോട്ടയം ഡിവിഷനുകീഴിൽ പൂവരണി ശുദ്ധജല വിതരണ പദ്ധതി സോൺ IV കമ്മിഷൻ ചെയ്തു. കോട്ടയം വാട്ടർ സപ്ലൈ സ്കീം റിഹാബിലിറ്റേഷൻ, സൗത്ത് സോൺ, വെസ്റ്റ് സോൺ എന്നിവിടങ്ങളിൽ ജലവിതരണം മെച്ചപ്പെടുത്തുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ജോലികൾ നടന്നുവരുന്നു. കോട്ടയം വാട്ടർ സപ്ലൈ സ്കീമിന്റെ പുനരുദ്ധാരണത്തിനായി LIC സഹായത്തോടെ 1311 ലക്ഷം രൂപയുടെ വേലകൾ ആരംഭിച്ചു. കുമരകം, തിരുവാർപ്പ് പഞ്ചായത്തുകളിൽ LIC സഹായത്തോടെ 1907 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള ജോലികൾ പുരോഗമിച്ചു വരുന്നു. വിജയപുരം പഞ്ചായത്തിലെ സെമിനാരികുന്ന് മിനി വാട്ടർ സപ്ലൈ സ്കീമിന്റെ പണികൾ നടന്നുവരുന്നു. അയർകുന്നം കുരോപ്പട ശുദ്ധജല വിതരണപദ്ധതി പുനരാരംഭിച്ചു. കോട്ടയം മെഡിക്കൽ കോളേജ് വിപുലീകരണ പദ്ധതിയുടെ പണികൾ ഭാഗികമായി പൂർത്തീകരിച്ചു. അയ്മനം പഞ്ചായത്തിൽ വിരുപ്പുകാലം വാട്ടർ സപ്ലൈ സ്കീമിന്റെ എക്സ്റ്റൻഷൻ ജോലി നടന്നുവരുന്നു. വർഷാ പദ്ധതി പ്രകാരം 90 കുടുംബങ്ങൾക്കായി മഴവെള്ള ശേഖരണ പദ്ധതി പൂർത്തിയാക്കി.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ (സർക്കിൾ തിരിച്ചുള്ള) വിശദാംശങ്ങൾ താഴെപ്പറയുന്നു:

കൊച്ചി

- ചൊവ്വര പദ്ധതി—പറവൂർ നഗരസഭയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണ പദ്ധതി.
- വെങ്ങോല പഞ്ചായത്തിലെ ഒട്ടത്താണിയിൽ കുടിവെള്ള വിതരണ പദ്ധതി കവറേജ് ഓഫ് NC/PC ഹാബിറ്റേഷൻ 2000 AD.
- കുവപ്പടി പഞ്ചായത്തിനും SCP ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ കല്ലുവലയിലും പുതിയമ്പിള്ളിയിലുമുള്ള ഹരിജൻ കോളനികളിൽ കുടിവെള്ളമെത്തിക്കുന്നതിന്റെ ഭാഗമായി കിണർ, പമ്പ് ഹൗസ് എന്നിവയുടെ നിർമ്മാണവും ശുദ്ധജല വിതരണക്കുഴലുകൾ സ്ഥാപിക്കുന്നതിനുമുള്ള ജോലികൾ.
- വെങ്ങാല SCP- CWSS- ന്റെ ഭാഗമായി കൊണ്ടോട്ടിമല, ഒണ്ടുമല എന്നീ ഹരിജൻ കോളനികളിലെ ശുദ്ധജല വിതരണക്കുഴലുകൾ നീട്ടുന്ന പ്രവൃത്തി (പണികൾ പൂർത്തിയായി).
- വേങ്ങൂർ പഞ്ചായത്തിലെ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി, കോടമ്പിള്ളിപ്പാറ ഹരിജൻ കോളനിയിലേക്ക് വെള്ളമെത്തിക്കുന്നതിന്റെ ഭാഗമായി കിണർ, പമ്പ് ഹൗസ് എന്നിവ നിർമ്മിച്ച് ശുദ്ധജല വിതരണം നടത്തുന്ന പ്രവൃത്തി. മുളവൂർ, അശമന്നൂർ, എരമല്ലൂർ, തൃക്കാരിയൂർ എന്നീ വില്ലേജുകളിലേക്കുള്ള ARP ജലവിതരണ പദ്ധതി. വാഴക്കുളം, കിഴക്കമ്പലം പഞ്ചായത്തുകളിലെ NC/PC -WSS—വിപുലീകരണം.

മൂവാറ്റുപുഴ

- ആയവന പഞ്ചായത്തിലെ പുദനാനെല്ലൂർ ശുദ്ധജല വിതരണ പദ്ധതി.
- പല്ലാരിമംഗലം പഞ്ചായത്തിൽ 6 വാർഡുകളിൽ ശുദ്ധജലം എത്തിക്കുന്ന പദ്ധതി.
- പാലക്കുഴ ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം.
- മൂന്നാർ ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം Phase I, Phase II.
- മനീട് മുളന്തുരുത്തി പഞ്ചായത്തിനുവേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.
- 25 ചെറുകിട കുടിവെള്ള പദ്ധതി, കൊക്കയാർ പഞ്ചായത്ത് വടക്കേമല പട്ടികവർഗ്ഗ കോളനിയിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ പുനരുദ്ധാരണം.
- നരകമ്പുഴ പട്ടികവർഗ്ഗ കോളനിയിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം.

ഇനിയുള്ള പദ്ധതികൾ പണി പൂർത്തീകരിക്കുകയും കമ്മീഷൻ ചെയ്ത് ജലവിതരണം ചെയ്ത് വിജയകരമായി നടത്തിവരുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

- ആമ്പല്ലൂർക്കും സമീപപ്രദേശങ്ങൾക്കുംവേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.
- എടയ്ക്കാട്ടുവയലിനും സമീപപ്രദേശങ്ങൾക്കുംവേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.
- നഗര ശുദ്ധജല വിതരണ പദ്ധതി, പിറവം.
- കടവൂർ, കല്ലൂർക്കാട്, രാമമംഗലം ശുദ്ധജല വിതരണ പദ്ധതി.
- മൂവാറ്റുപുഴ ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം.
- ആരക്കുഴ ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം.
- മാറാടി ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം.
- കുത്താട്ടുകുളം നഗര ശുദ്ധജല വിതരണ പദ്ധതി.
- മുട്ടം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.

കൊച്ചി

- LIC സഹായത്തോടുകൂടിയുള്ള പുത്തൻവേലിക്കര ശുദ്ധജല വിതരണ പദ്ധതി.
- NC/PC-യിൽപ്പെടുത്തി വടവുകോട്ട്, പുത്തൻകുരിശ്, അയക്കരനാട്, തിരുവാണിയൂർ, പുത്തൃക്ക പഞ്ചായത്തുകളിലെ ശുദ്ധജല വിതരണം അഭിവൃദ്ധിപ്പെടുത്തൽ.
- ഉദയംപേരൂർ പഞ്ചായത്തിലേക്കുള്ള ശുദ്ധജല വിതരണം അഭിവൃദ്ധിപ്പെടുത്തൽ.
- അയിക്കരനാട് പഞ്ചായത്തിലെ കുടയിരുപ്പ് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.
- LIC സഹായത്തോടെ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലും സമീപ പഞ്ചായത്തിലും ഉള്ള ശുദ്ധജല വിതരണം അഭിവൃദ്ധിപ്പെടുത്തൽ.
- കടമക്കുടി പഞ്ചായത്തിലെ ജലവിതരണം മെച്ചപ്പെടുത്തൽ പദ്ധതി.
- കേന്ദ്ര സഹായത്താൽ ARP പ്രകാരം നടപ്പിലാക്കി വരുന്ന 'വർഷ' പദ്ധതി.
- DFID സഹായത്തോടെയുള്ള Kochi UPRP.
- PMGY- ൽ ഉൾപ്പെടുത്തി വരാപ്പുഴ, ഏലൂർ പഞ്ചായത്തുകൾക്കായുള്ള ശുദ്ധജല വിതരണ പദ്ധതി.

തൃശ്ശൂർ

- WSS to ചിറ്റണ്ട
- ,, പാഞ്ഞാൾ
- ,, തെക്കുംകര
- ,, കണിയാർക്കോട് വാർഡ് 8
- ,, ,, 10
- ,, പുത്തൂർ, മാന്ദാമംഗലം
- ,, അവനൂർ ആന്റ് അഡ്ജോയിനിംഗ് വില്ലേജുകൾ
- ,, വാർഡ് 1 മാടക്കത്തറ

LIBRARY ARCHIVES Kerala Legislative Assembly

- WSS to വാർഡ് 6 മാടക്കത്തറ
- ,, ദേശമംഗലം
- AUWSP കൊലഴി, കുറ്റൂർ വില്ലേജുകൾ
- ചേലക്കര സെൻസസ് ടൗൺ റൂറൽ സ്കൂളുകൾക്ക് (54 Nos.)
- സ്വജൽധാരാ കുടിവെള്ള പദ്ധതി (32 Project)
- വരൾച്ച ദുരിതാശ്വാസ പദ്ധതികൾക്ക് അനുവദിച്ച (2003) പദ്ധതികൾ
- AUWSS to ചൊവ്വൂർ-മരത്താക്കര.
- ,, കൊരട്ടി.

NC/PC (ARP) സ്കീമിൽ താഴെപ്പറയുന്ന പദ്ധതികളും ആരംഭിച്ചിട്ടുണ്ട്:

- WSS to Ward 4, 6, 8, 9 അവിണിശ്ശേരി പഞ്ചായത്ത്.
- Ward 3, 4, 5, 6 മുരിയാട് പഞ്ചായത്ത്.
- Ward 1, 2, 4, 8 ചാഴൂർ പഞ്ചായത്ത് & Ward 2, 5, 6, 7 താന്ന്യം പഞ്ചായത്ത്.
- മുട്ടിത്തടി, ആലങ്ങാട്, ഭരതകല്ലൂർക്കാട് വില്ലേജ് (തൃക്കൂർ പഞ്ചായത്ത്).
- Ward 3, 4, 6, 7 കൊടകര പഞ്ചായത്ത്.
- Ward 1, 2, 3, 4, 5 (Part) മറ്റന്നൂർ പഞ്ചായത്ത് &Ward 11 കൊടകര പഞ്ചായത്ത്.
- Ward 1, 2, 3 അതിരമ്പിള്ളി പഞ്ചായത്ത്.
- Ward 1, 2, 3 അന്നമനട പഞ്ചായത്ത്.
- Ward 1, 6, 3, 9 പടിയൂർ പഞ്ചായത്ത്.
- ഗുരുവായൂർ മുനിസിപ്പാലിറ്റിയും സമീപ പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള പദ്ധതി (LIC).
- മാള, സമീപ പഞ്ചായത്തുകൾക്കും (PMGY).
- നാട്ടിക ഡിവിഷന്റെ കീഴിൽ ARP സ്കീമിൽ ഉൾപ്പെടുത്തി 23 മിനി വാട്ടർ സപ്ലൈ സ്കീമുകൾ നടപ്പിലാക്കിയിട്ടുണ്ട്.

ഷൊർണ്ണൂർ ഡിവിഷന്റെ കീഴിൽ

- NC/PC-ARP —2 പദ്ധതികൾ പൂർത്തീകരിച്ചു.
- സ്കൂൾ WSS—16 പദ്ധതികൾ പൂർത്തീകരിച്ചു.
- ഒരു മിനി WSS—പൂർത്തീകരിച്ചു. (ആനക്കര പഞ്ചായത്ത്)
- ARWSP — കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ 11 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

പാലക്കാട് ഡിവിഷന്റെ കീഴിൽ

ഒരു മേജർ പദ്ധതിയും, 62 ചെറുകിട പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

പ്ലാൻ പദ്ധതികൾ—31 എണ്ണം

MP-മാരുടെ പദ്ധതികൾ—9 എണ്ണം

MLA-മാരുടെ പദ്ധതികൾ—1 എണ്ണം

ജനകീയാസൂത്രണം ഡെപ്പോസിറ്റ് വർക്ക്—21 എണ്ണം

LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ഡിവിഷന്റെ കീഴിൽ

- LIC സഹായത്തോടുകൂടി 3206.08 ലക്ഷം രൂപ മൊത്ത എസ്റ്റിമേറ്റ് തുക വരുന്ന 4 പദ്ധതികളും (പൈവെഗളിഗെയും സമീപ പ്രദേശങ്ങളും ഉൾപ്പെടുന്ന കു.വെ.പ., എൻമകജെ കു.വെ.പ., വെസ്റ്റ് എളേമി കു.വെ.പ.)
- ARP സഹായത്തോടുകൂടി 471 ലക്ഷം രൂപ മൊത്തം എസ്റ്റിമേറ്റ് തുക വരുന്ന ഒരു പദ്ധതിയും (ബദിയടുക്ക)
- ടെക്നോളജി മിഷൻ സഹായത്തോടെ 510 ലക്ഷം രൂപ മൊത്തം എസ്റ്റിമേറ്റ് തുക വരുന്ന ഒരു പദ്ധതിയും (ഉപ്പള)
- NC/PC സഹായത്തോടുകൂടി 56.50 ലക്ഷം രൂപ മൊത്തം എസ്റ്റിമേറ്റ് വരുന്ന മൂന്ന് പദ്ധതികളും
- ARP/SCP സഹായത്തോടുകൂടി 45.55 ലക്ഷം രൂപ മൊത്തം എസ്റ്റിമേറ്റ് തുക വരുന്ന 4 പദ്ധതികളും
- 25 ലക്ഷം രൂപ വരുന്ന ഒരു സ്വജൽധാരാ പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

ഈ പദ്ധതികൊണ്ട് 80168 പേർക്ക് പ്രയോജനം ലഭിക്കും.

കണ്ണൂർ ഡിവിഷന്റെ കീഴിൽ

- NC/PC നടുവിൽ പഞ്ചായത്തിനുവേണ്ടിയുള്ള കു.വെ.പ. മതിപ്പുതുക 36.50 ലക്ഷം രൂപ നടപ്പിലാക്കിവരുന്നു.
- 11-ാം ധനകാര്യ കമ്മീഷന്റെ നടുവിൽ പഞ്ചായത്തിൽ ചപ്പാരപ്പടവ് പഞ്ചായത്തിലും നിലവിലുള്ള പദ്ധതികൾക്കു പുനരുദ്ധാരണത്തിനുവേണ്ടി 25 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രവൃത്തി നടന്നുവരുന്നു.
- ചെന്തേരി RWSS അമ്പഴത്തുംചാൽ പദ്ധതിയുടെ വിപുലീകരണത്തിനുവേണ്ടി 6 ലക്ഷത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തി നടന്നു വരുന്നു.
- സ്കൂളുകൾക്കും, അംഗനവാടികൾക്കുംവേണ്ടിയുള്ള പദ്ധതി 22 എണ്ണത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തുക 59.80 ലക്ഷം രൂപ. ഇതിന്റെ പണി പൂർത്തിയായി വരുന്നു.
- WSS പയ്യന്നൂർ (LIC സഹായത്തോടെ നടപ്പിലാക്കുന്നത്). 991 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ പണി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ എടുത്തുവരുന്നു.
- നബാർഡ് സ്കീമിലുൾപ്പെടുത്തി കണ്ണൂർ ഡിവിഷന്റെ കീഴിൽ മൂന്ന് സ്കീമുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

WSP ഡിവിഷൻ കണ്ണൂരിന്റെ കീഴിൽ

- LIC സഹായത്തോടെ അഞ്ച് പദ്ധതികളും (പെരളശ്ശേരി, അഞ്ചരക്കണ്ടി, മുഴപ്പിലങ്ങാട്, കതിരൂർ, എരഞ്ഞോളി)
- ARP-NC/PC-യിൽ ഉൾപ്പെടുത്തി 17 ശുദ്ധജല വിതരണ പദ്ധതികളും
- ജനപങ്കാളിത്തത്തോടെ 58 മിനി പദ്ധതികളും നടപ്പിലാക്കുന്ന പ്രവർത്തനം പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മട്ടന്നൂർ ഡിവിഷന്റെ കീഴിൽ

- അച്ചൻകുന്ന് പഞ്ചായത്തിലെ വലിയപറമ്പൻ കരിമല കു.വെ.പ. PMGY-ൽ ഉൾപ്പെടുത്തി നടത്തിവരുന്നു. 3/2004-ൽ പദ്ധതി പൂർത്തീകരിക്കും.
- കുന്നോത്ത് പറമ്പ് പഞ്ചായത്തിലെ കണ്ണങ്കോട് നരിപ്രകുന്ന് PMGY-ൽ ഉൾപ്പെടുത്തി പണി നടത്തിവരുന്നു. 3/2004-ൽ പദ്ധതി പൂർത്തീകരിക്കും.
- പെരിങ്ങള പഞ്ചായത്തിലെ കനകമാല പദ്ധതി PMGY-ൽ ഉൾപ്പെടുത്തി പണി പുരോഗമിച്ചുവരുന്നു.
- റൂറൽ സ്കൂൾ പദ്ധതിയിൽ കരിയൂർ, ധർമ്മടം, മൊകേരി എന്നീ സർക്കാർ സ്കൂളുകളിലേക്കും കുടിവെള്ള പദ്ധതികളുടെ പണി പൂർത്തീകരിച്ചു.
- കൂത്തുപറമ്പ് നഗര കുടിവെള്ള പദ്ധതി LIC സഹായത്തോടെ നടപ്പിലാക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്ന നടപടി ആരംഭിച്ചു.

സുൽത്താൻ ബത്തേരി ഡിവിഷന്റെ കീഴിൽ

- കോട്ടത്തറ വാർഡ് 8-നുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി NC/PC കമ്മീഷൻ ചെയ്തു.
- തേറ്റമല പാലയാള കോളനിക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി (RGNDNM) കമ്മീഷൻ ചെയ്തു.
- കണിയമ്പറ്റ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി (ARP).
- തിരുനെല്ലി അമ്പലത്തിനും സമീപ കോളനികൾക്കുംവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി (PMGY).
- മേമം, നല്ലൂർനാട്, പൊരുന്നന്നൂർ വില്ലേജുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതികൾ ഭാഗികമായി കമ്മീഷൻ ചെയ്തു.
- മൂന്നാനംകുഴി, കാട്ടുനായ്ക്ക, ഊരാളി കോളനികൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്തു.
- കൂടാതെ വരൾച്ചാ ദുരിതാശ്വാസ പദ്ധതി, NC/PC, MP ഫണ്ട്, ഡെപ്പോസിറ്റ് വർക്ക് എന്നിവയിൽപ്പെടുത്തി ജില്ലയുടെ വിവിധ ഭാഗങ്ങളിലായി ഏകദേശം 62 km.-ഓളം പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയുടെ പ്രയോജനം ഏകദേശം 61,000 പേർക്ക് ലഭിക്കുന്നു.

വടകര ഡിവിഷന്റെ കീഴിൽ

- ARP/NC/PC-യിൽ 20 എണ്ണം

മൂടാടി പഞ്ചായത്തിന് 2 ശുദ്ധജല വിതരണ പദ്ധതി

മേപ്പയൂർ	,,	1	,,
കീഴരിയൂർ	,,	2	,,
കോട്ടൂർ	,,	4	,,
ചെറുവണ്ണൂർ	,,	1	,,

LIBRARY ARCHIVES Kerala Legislative Assembly

പേരാമ്പ്ര പഞ്ചായത്തിൽ 2 ശുദ്ധജല വിതരണ പദ്ധതി
കൂരാച്ചുണ്ട് „ 1 „
കാവിലുംപാറ „ 3 „
ചക്കിട്ടപാറ „ 4 „

- PMGY-ൽ 6 പദ്ധതികൾ

  കാവിലുംപാറ പഞ്ചായത്തിൽ 4 ശുദ്ധജല വിതരണ പദ്ധതി
  ചക്കിട്ടപ്പാറ „ 1 „
  പേരാമ്പ്ര „ 1 „

- റൂറൽ സ്കൂൾ പദ്ധതികൾ—4 എണ്ണം

  വേങ്ങപ്പാറ GUPS ശുദ്ധജല വിതരണ പദ്ധതി
  മണ്ണൂർ GLPS „
  ചെറുകുന്ന് GUPS „
  കുറിച്ചകം GLPS „

- മിനി WSS 1 എണ്ണം

  നരിപ്പറ്റ പഞ്ചായത്തിലെ കുമ്പളച്ചോല ശുദ്ധജല വിതരണ പദ്ധതി

- ARWSS/SC-ST—4 എണ്ണം

  പേരാമ്പ്ര, ചെറുവണ്ണൂർ പഞ്ചായത്തുകളിൽ 2 എണ്ണം വീതം

- MLA ഫണ്ട് ഉപയോഗിച്ച് —3 എണ്ണം

  മണിയൂർ, പുറമേരി, തിരുവള്ളൂർ പഞ്ചായത്തുകൾ

- MP LAD ഫണ്ട് ഉപയോഗിച്ച് —4 എണ്ണം

  പുറമേരി, വില്യാപ്പള്ളി, കീഴരിയൂർ, മണിയൂർ പഞ്ചായത്തുകൾ

മേൽ പദ്ധതികളുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

കോഴിക്കോട് ഡിവിഷന്റെ കീഴിൽ

- NC/PC —14 എണ്ണം

  കടലുണ്ടി, താമരശ്ശേരി, നന്മണ്ട, മുക്കം, ചേളന്നൂർ, കാരശ്ശേരി, പെരുവയൽ, തിരുവമ്പാടി, കോടഞ്ചേരി പഞ്ചായത്തുകളിലായിട്ടാണ് ഈ പദ്ധതികൾ.

- PMGY-ൽ—9 എണ്ണം

  ചാത്തമംഗലം, മാവൂർ, കിഴക്കോത്ത്, തലക്കുളത്തൂർ, എലത്തൂർ, കൊടിയത്തൂർ, കാരശ്ശേരി, കരുവട്ടൂർ, കുന്ദമംഗലം പഞ്ചായത്തുകൾ.

- മിനി കുടിവെള്ള പദ്ധതികൾ—12 എണ്ണം

  കാക്കൂർ, കാരശ്ശേരി, കിഴക്കോത്ത്, മുക്കം, കക്കോടി, മാവൂർ, ഫറോക്ക്, പെരുവയൽ പഞ്ചായത്തുകൾ.

LIBRARY ARCHIVES Kerala Legislative Assembly

- LIC റൂറൽ/LIC അർബൻ—ഫറോക്ക്-കുരുവൻതുരുത്തി.
- 22 സ്കൂളുകൾക്ക് WSS.
- HUDCO സഹായത്തോടെ കോഴിക്കോട് ശുദ്ധജല വിതരണ പദ്ധതി അഭിവൃദ്ധിപ്പെടുത്തൽ 2-ാം ഘട്ടം.

മലപ്പുറം ഡിവിഷന്റെ കീഴിൽ

- NC/PC —26 പദ്ധതികൾ. ഇതിൽ 16 എണ്ണം ആരംഭിച്ചു. 5 എണ്ണം പൂർത്തീകരിച്ചു.
- PMGY-ൽ 6 പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചു. ഒരെണ്ണം പൂർത്തീകരിച്ചു. രണ്ടെണ്ണം പുരോഗമിച്ചുവരുന്നു.
- ARWSP-ൽ 25 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചു. 7 പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കി പുരോഗമിച്ചുവരുന്നു.
- നബാർഡ് സഹായത്തോടെ 682 ലക്ഷം രൂപയ്ക്കുള്ള ഒരു പദ്ധതിക്ക് സാമ്പത്തികാനുമതി ലഭിച്ചു. ഭരണാനുമതി/സാങ്കേതികാനുമതി ലഭിക്കാനുണ്ട്.
- സ്വജൽധാരയിൽപ്പെടുത്തി 100 പദ്ധതികൾക്ക് 213 ലക്ഷം രൂപ ആദ്യ ഗഡു ലഭിച്ചു. ഇവയുടെ പ്രവൃത്തി നടന്നുവരുന്നു.

എടപ്പാൾ ഡിവിഷന്റെ കീഴിൽ

- പൈപ്പ് ലൈൻ നീട്ടൽ .. 5 എണ്ണം
- പുതിയ പദ്ധതികൾ .. 11 എണ്ണം
- പുനരുദ്ധാരണം .. 4 എണ്ണം
- ഗവ. സ്കൂളുകളിൽ കുടിവെള്ളമെത്തിക്കുന്ന പദ്ധതികൾ .. 28 എണ്ണം

കൂടാതെ JBIC സഹായത്തോടെ നടപ്പിലാക്കുന്ന അഞ്ചു പദ്ധതികൾ:

1. തിരുവനന്തപുരം നഗരമേഖല ശുദ്ധജല വിതരണ ഇംപ്രൂവ്മെന്റ് പദ്ധതി.
2. കൊല്ലം ജില്ലയിലെ മീനാട് ശുദ്ധജല വിതരണ പദ്ധതി.
3. ആലപ്പുഴ ജില്ലയിലെ ചേർത്തല ശുദ്ധജല വിതരണ പദ്ധതി.
4. കോഴിക്കോട് നഗരമേഖല ശുദ്ധജല വിതരണ ഇംപ്രൂവ്മെന്റ് പദ്ധതി.
5. കണ്ണൂർ ജില്ലയിലെ പട്ടുവം ശുദ്ധജല വിതരണ പദ്ധതി എന്നിവ നടപ്പിലാക്കുന്നതിന് കൺസൾട്ടൻസിയെ നിയമിക്കുകയും പദ്ധതിയുടെ പണികൾ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly